**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6159** — **09-11-2021 - ൽ മറുപടിയ്ക്ക്**

**മലിനപ്പെടുന്ന നദികളും പുഴകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, വൻകിട റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവയിൽ നിന്നും പുറന്തള്ളപ്പെടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നദികളെയും പുഴകളെയും മലിനപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ നദികൾ/പുഴകൾ തുടങ്ങിയ ജലസ്രോതസ്സുകളിലേക്ക്, ഫ്ലാറ്റുകൾ, വ്യവസായശാലകൾ, ആശുപത്രികൾ തുടങ്ങിയവയിൽ നിന്ന് മാലിന്യം നിക്ഷേപിക്കുന്നത് വഴി ജല മലിനീകരണം നടക്കുന്നതായുള്ള നിവേദനങ്ങൾ/ മാധ്യമ റിപ്പോർട്ടുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് മുമ്പേ പാഴ്ജല നിർമാർജ്ജന സംവിധാനങ്ങളുടെ പ്രൊപ്പോസൽ വിലയിരുത്തിയതിനുശേഷം മലിനീകരണ നിന്ത്രണ ബോർഡ് ജല (മലിനീകരണ നിവാരണ നിയന്ത്രണ) നിയമപ്രകാരം സ്ഥാപനാനുമതി നൽകുകയും സംവിധാനം ഏർപ്പെടുത്തിയതിനുശേഷം ബോർഡ് പ്രവർത്തനാനുമതി നൽകുകയും ചെയ്യുന്നു. പ്രവർത്തനാനുമതിയിൽ പാഴ്ജലത്തിന്റെ അളവ് ഗുണനിലവാരം, ഔട്ട് ലറ്റ് തുടങ്ങിയവ സംബന്ധിച്ച നിബന്ധനകൾ ചേർത്തിട്ടുണ്ട്. ആയതു പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു. വീഴ്ചകൾ കാണുന്ന പക്ഷം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഇടങ്ങളിൽ ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തുന്നതിനും അവ നിരന്തരം നിരീക്ഷിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ നദികൾ/പുഴകൾ തുടങ്ങിയ ജലസ്രോതസ്സുകളിലേക്ക്, ഫ്ലാറ്റുകൾ, വ്യവസായശാലകൾ, ആശുപത്രികൾ തുടങ്ങിയവയിൽ നിന്ന് മാലിന്യം നിക്ഷേപിക്കുന്നത് വഴി ജല മലിനീകരണം നടക്കുന്നതായുള്ള നിവേദനങ്ങൾ/ മാധ്യമ റിപ്പോർട്ടുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് മുമ്പേ പാഴ്ജല നിർമാർജ്ജന സംവിധാനങ്ങളുടെ പ്രൊപ്പോസൽ വിലയിരുത്തിയതിനുശേഷം മലിനീകരണ നിന്ത്രണ ബോർഡ് ജല (മലിനീകരണ നിവാരണ നിയന്ത്രണ) |

| | | | |
|---|---|---|---|
| | | | നിയമപ്രകാരം സ്ഥാപനാനുമതി നൽകുകയും സംവിധാനം ഏർപ്പെടുത്തിയതിനുശേഷം ബോർഡ് പ്രവർത്തനാനുമതി നൽകുകയും ചെയ്യുന്നു. പ്രവർത്തനാനുമതിയിൽ പാഴ്ജലത്തിന്റെ അളവ് ഗുണനിലവാരം, ഔട്ട് ലറ്റ് തുടങ്ങിയവ സംബന്ധിച്ച നിബന്ധനകൾ ചേർത്തിട്ടുണ്ട്. ആയതു പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു. വീഴ്ചകൾ കാണുന്ന പക്ഷം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇതുസംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുവാനുള്ള സംവിധാനം ദുർബലമായതാണ് നിയമ ലംഘനത്തിന് കാരണമാകുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ജല (മലിനീകരണ നിവാരണ നിയന്ത്രണ) നിയമം പാലിക്കപ്പെടുന്നതിലേക്കായിട്ടാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥാപിതമായിരിക്കുന്നത്. ജല മലിനീകരണ നിവാരണ നിയന്ത്രണ നിയമം പ്രകാരമുള്ള നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരശോധന നടത്തുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഇവ കൂടുതൽ കാര്യക്ഷമമാക്കുവാൻ നിലവിലുള്ളതിലും മാനവശേഷി ആവശ്യമാണെന്ന് വിലയിരുത്തിയതിനാൽ മാനവശേഷി കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. |

സെക്ഷൻ ഓഫീസർ